# പതിനാലാം കേരള നിയമസഭ
# പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:886

04.03.2020-ലെ മറുപടി

**പള്ളിച്ചൽ - ബാലരാമപുരം കുടിവെള്ള പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം. വിൻസെന്റ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ബാലരാമപുരം ഗ്രാമപഞ്ചായത്ത് ഉൾപ്പെടുന്ന പള്ളിച്ചൽ - ബാലരാമപുരം കുടിവെള്ള പദ്ധതിയ്ക്ക് തടസ്സമായി നിൽക്കുന്ന റെയിൽവേ അനുമതിയും നാഷണൽ ഹൈവേ അനുമതിയും ലഭിച്ചിട്ടുണ്ടോ; ആയതിലേയ്ക്ക് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ; | (എ) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്ന പെരിങ്ങോടിലും, മുക്കംപാലമൂടിനു സമീപവും, ബാലരാമപുരത്തിനു സമീപവും റെയിൽവേ ക്രോസ്സിംഗ് അനുമതി ലഭിക്കേണ്ടതുണ്ട്. അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരാഗമിച്ചു വരുന്നു. റെയിൽവേ ആവശ്യപ്പെട്ടതനുസരിച്ച് സെന്റേജ് ചാർജ്ജൊടുക്കുകയും, മണ്ണ് പരിശോധനാ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br>ദേശീയ പാത വികസനത്തോടൊപ്പം പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ പ്രവൃത്തികൾ നടത്താൻ ദേശീയപാത അധികാരികളിൽ നിന്നും അനുമതി ലഭിക്കുകയും പ്രവൃത്തികൾ പുരോഗമിക്കുകയുമാണ്.<br>2008-ൽ 3862.49 ലക്ഷം രൂപയുടെ ഒരു പദ്ധതി നബാർഡിന്റെ സാമ്പത്തിക സഹായത്തോടുകൂടിയുള്ള SPAN പദ്ധതിയിൽ ഉൾപ്പെടുത്തി പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങി. ചൂഴാറ്റുകോട്ടയിൽ 15.5 എം.എൽ.ഡി. ജലശുദ്ധീകരണശാലയുടെ നിർമ്മാണവും, പുതിയ പമ്പിങ് മെയിനുകളുടെയും, പമ്പ് സെറ്റുകളുടെയും പ്രവൃത്തികൾ പൂർത്തിയാക്കി പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യുകയും ചൂഴാറ്റുകോട്ട ജലശുദ്ധീകരണശാലയിൽനിന്ന് ശുദ്ധജലം പള്ളിച്ചൽ, വിളവൂർക്കൽ പഞ്ചായത്തുകളിലെ നിലവിലുള്ള ജല |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | സംഭരണികളിലെത്തിച്ച്, നിലവിലുള്ള ജലവിതരണ ശൃംഖല വഴി ലഭ്യമാക്കിയിട്ടുണ്ട്. പള്ളിച്ചൽ പഞ്ചായത്തിലെ മൊട്ടമൂടിൽ നിർമ്മിക്കേണ്ട ഉപരിതലജലസംഭരണിയുടെ പ്രവൃത്തികൾ സിവിൽ കേസുമായി ബന്ധപ്പെട്ട സ്റ്റേ നിലനിൽക്കുന്നതിനാൽ നിർത്തി വച്ചിരിക്കുകയാണ്. മൊട്ടമൂടിലുള്ള സമ്പും പമ്പ്ഹൗസും പൂർത്തിയാകുന്ന മുറയ്ക്കേ ബാലരാമപുരം പഞ്ചായത്തിലും, പള്ളിച്ചൽ പഞ്ചായത്തിലും കുടിവെള്ള വിതരണം പൂർത്തിയാക്കാൻ കഴിയൂ. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്കായി ബാലരാമപുരത്ത് സ്ഥാപിച്ചിട്ടുള്ള പന്ത്രണ്ട് ലക്ഷം ലിറ്റർ ശേഷിയുള്ള ടാങ്കിലേയ്ക്ക് കാളിപ്പാറ പദ്ധതിയിൽ നിന്നും വെള്ളം നേരിട്ട് എത്തിയ്ക്കുവാൻ സാധിക്കുമോ; അതിനുള്ള നടപടികൾ ആരംഭിക്കുമോ; വിശദമാക്കാമോ? | (ബി) | ഇല്ല, കാരണം കാളിപ്പാറ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിരിക്കുന്നത് ഇതിനനുസൃതമായല്ല. എന്നാൽ ടി ജലസംഭരണിയിലേയ്ക്ക് ശുദ്ധജലമെത്തിക്കുന്നതിനുള്ള മൊട്ടമൂടിലെ സംപിന്റെയും പമ്പ്ഹൗസിന്റെയും നിർമ്മാണം കോടതി വ്യവഹാരം കാരണം അനന്തമായി നീളുന്നതിനാൽ ചൂഴാറ്റുകോട്ട ജലശുദ്ധീകരണശാലയിൽ നിന്നും നേരിട്ട് ശുദ്ധജലമെത്തിക്കുന്നതിനുള്ള ഒരു ഡീവിയേഷൻ പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു. ടി പ്രൊപ്പോസലിന് അംഗീകാരം ലഭിച്ചാലും റെയിൽവേ ക്രോസ്സിംഗ് അനുമതി കൂടി ലഭിച്ചാലേ ശുദ്ധജലം ജലസംഭരണിയിലെത്തിക്കാനാവുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**